**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2688** **02-08-2021 - ൽ മറുപടിയ്ക്ക്**

**കമ്പംമെട്ട് - വണ്ണപ്പുറം റോഡിന്റെ സർവ്വേ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കമ്പംമെട്ട് - വണ്ണപ്പുറം റോഡിന്റെ വീതി,സർവ്വേ വിഭാഗം അളന്ന് തിട്ടപ്പെടുത്തി നൽകാത്തതിനാൽ കിഫ്ബിയിൽ നിന്നും അനുവദിച്ച പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ തടസപ്പെടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സർവ്വേയർമാരുടെ അഭാവത്തിൽ പ്രസ്തുത നടപടികൾ തടസപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെടുത്തി പൊതുമരാമത്ത് വകുപ്പ് ഉടുമ്പൻചോല തഹസിൽദാർ/ ഇടുക്കി കളക്ടർ എന്നിവർക്ക് കത്ത് നൽകിയിട്ടുണ്ടോ; പ്രസ്തുത വിഷയത്തിൽ വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (ബി) | ഉണ്ട്. പ്രസ്തുത കത്തിലെ ആവശ്യപ്രകാരം പ്രസ്തുത സർവ്വെ ജോലികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് 5 സർവ്വെയർ, 1 ഹെഡ് സർവ്വെയർ എന്നീ സർവ്വെ ജീവനക്കാരെ നിയോഗിച്ചിട്ടുള്ളതും, 19/07/2021 മുതൽ സർവ്വെ ജോലികൾ ആരംഭിച്ചിട്ടുള്ളതുമാണ്. |
| (സി) | പൊതുവികസന പ്രവൃത്തികൾ സർവ്വേ വിഭാഗം ഉദ്യോഗസ്ഥരുടെ അഭാവം നിമിത്തം തടസപ്പെടുന്നത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | സംസ്ഥാനത്തെ റീസർവ്വെ ജോലികൾ നിർവ്വഹിക്കുന്നതിന് വകുപ്പിലെ ജീവനക്കാർ അപര്യാപ്തമായിരിക്കെ, സർക്കാരിന്റെ വിവിധ വികസന പദ്ധതികളുമായി ബന്ധപ്പെട്ട സർവ്വെ ജോലികൾ, എൽ.ആർ.എം., മറ്റ് സ്പെഷ്യൽ സർവ്വെ ജോലികൾ എന്നിവയ്ക്കായി ജില്ലകളിൽ നിന്നും ആവശ്യപ്പെടുന്നതനുസരിച്ച് സർവ്വെ ജീവനക്കാരുടെ സേവനം വിട്ടു നൽകി കാലതാമസത്തിന് ഇടവരുത്താതെ പ്രവർത്തികൾ നിർവ്വഹിച്ചുവരുന്നു. |
| (ഡി) | കമ്പംമെട്ട് -വണ്ണപ്പുറം കിഫ്ബി റോഡിന്റെ ആദ്യ റീച്ചായ കമ്പംമെട്ട് - എഴുകും വയൽ റോഡിന്റെ വീതി അടിയന്തരമായി അളന്ന് തിട്ടപ്പെടുത്തി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (ഡി) | കമ്പംമെട്ട് -വണ്ണപ്പുറം റോഡിന്റെ ഭാഗമായ കമ്പംമെട്ട് - എഴുകും വയൽ റോഡ് ഉൾപ്പെടുന്ന ഉടുമ്പൻചോല താലൂക്കിലെ സർവ്വെ നടപടികൾ 19/07/2021 മുതൽ ആരംഭിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ